**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2093

17.06.2014-ലെ മറുപടിയ്ക്ക്

## ത്രിവേണി സ്റ്റോറുകളെ ലാഭകരമാക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ത്രിവേണി സ്റ്റോറുകൾ ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് അറിയിക്കുമോ; | (എ) ത്രിവേണി സ്റ്റോറുകൾ മുഴുവനും ലാഭത്തിലല്ല പ്രവർത്തിക്കുന്നത്. |
| (ബി) ത്രിവേണി സ്റ്റോറുകൾ ലാഭകരമായും, ജനോപകാരപ്രദമായും നടത്തിക്കൊണ്ടു പോകാൻ എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളത്; | (ബി) നിലവിൽ ചില സാധനങ്ങളുടെ വിൽപ്പനയിലൂടെ ലഭിക്കുന്ന അധികവരുമാനവും ഫെഡറേഷൻ ചെലവുകൾ ചുരുക്കി സമാഹരിക്കുന്ന ഫണ്ടുകളും വിനിയോഗിച്ച് സ്റ്റോറുകളിൽ ആവശ്യമായ അളവിൽ സാധനങ്ങൾ ലഭ്യമാക്കി സെയിൽസ് ടേൺ ഓവർ കൂട്ടിയും സർക്കാർ സഹായത്താലും ഉപഭോക്താക്കൾക്ക് ആവശ്യമുള്ള സാധനങ്ങൾ യഥാസമയം എത്തിച്ച് ത്രിവേണി സ്റ്റോറുകൾ ലാഭകരവും, ജനോപകാരപ്രദവുമായി നടത്തിക്കൊണ്ട് പോകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ലാഭകരമല്ലാത്ത സ്ഥലങ്ങളിലെ ത്രിവേണി സ്റ്റോറുകൾ പൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) ഇപ്പോൾ പരിഗണനയിലില്ല. |

(ഡി) നന്മ സ്റ്റോറുകളിലൂടെ സബ്സിഡിയുള്ള ഏതെല്ലാം ഉത്പന്നങ്ങളാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്;

(ഡി) നന്മ സ്റ്റോറുകളിലൂടെ സബ്സിഡി നിരക്കിൽ ചുവടെ പരാമർശിക്കുന്ന സാധനങ്ങളാണ് വിപണനം നടത്തിവരുന്നത്.

| ക്രമ നം. | ഇനം |
|---|---|
| 1 | ജയഅരി |
| 2 | കുറുവ അരി |
| 3 | മട്ട അരി |
| 4 | പച്ചരി |
| 5 | വെളിച്ചെണ്ണ |
| 6 | പഞ്ചസാര |
| 7 | ചെറുപയർ |
| 8 | മുളക് |
| 9 | മല്ലി |
| 10 | ഉഴുന്ന് (ബോൾ) |

(ഇ) പൊതുവിപണിയിൽ നിന്നുള്ള ഇവയുടെ വില വ്യത്യാസം ഇനം തിരിച്ച് നൽകാമോ?

(ഇ) വില വ്യത്യാസം ഇനം തിരിച്ച് ചുവടെ കൊടുക്കുന്നു:-

| ക്രമ നം. | ഇനം | പൊതു വിപണി വില | നന്മ സ്റ്റോറിലെ വില |
|---|---|---|---|
| 1 | ജയ അരി | 34.06 | 29 |
| 2 | കുറുവ അരി | 31.25 | 27 |
| 3 | മട്ട അരി | 32 | 27 |
| 4 | പച്ചരി | 24.85 | 21 |
| 5 | വെളിച്ചെണ്ണ | 161.54 | 137 |
| 6 | പഞ്ചസാര | 34.73 | 30 |
| 7 | ചെറുപയർ | 92.08 | 83 |
| 8 | മുളക് | 81.62 | 73 |
| 9 | മല്ലി | 109.23 | 98 |
| 10 | ഉഴുന്ന് (ബോൾ) | 76.58 | 69 |

സെക്ഷൻ ഓഫീസർ